**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 2805**

**12.10.2011-ൽ മറുപടിയ്ക്ക്**

## ദേശീയ തൊഴിലുറപ്പു പദ്ധതി വിഹിതം ഉയർത്താൻ നടപടി

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.കെ. ശിവദാസൻ നായർ<br>,, റ്റി.എൻ. പ്രതാപൻ<br>,, വി.ഡി. സതീശൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി | **ശ്രീ.കെ.സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)** |
| എ. ദേശീയ തൊഴിലുറപ്പു പദ്ധതി വിഹിതം ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ വിഹിതം നിശ്ചയിക്കുന്നത്. കേന്ദ്രവിഹിതത്തിന്റെ ആനുപാതിക വിഹിതം സംസ്ഥാന സർക്കാർ വകയിരുത്തും. |
| ബി. എങ്കിൽ എത്ര കോടി രൂപയാണ് ഇതിനുവേണ്ടിവകയിയിരുത്തുന്നതെന്ന് വെളിപ്പെടുത്തുമോ ; | ബി. ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി ഫെബ്രുവരി മാസത്തിൽ പാസ്സാക്കിയ ബഡ്ജറ്റിൽ അനുവദിച്ച 30 കോടി മാത്രമേ ലഭിച്ചിട്ടുള്ളു. |
| സി. പ്രസ്തുത തുകയിൽനിന്നും സാധനസാമഗ്രികൾ വാങ്ങുവാൻ എത്ര ശതമാനം തുകയാണ് ഉപയോഗപ്പെടുത്തുന്നത് ; | സി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികളുടെ ചെലവ്, വിദഗ്ദ്ധ-അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി, മേറ്റുമാരുടെ കൂലി, തൊഴിലുപകരണങ്ങളുടെ വാടക എന്നിവയാണ് സാധന ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവിനങ്ങൾ ഇത് ഒരു പ്രകാരത്തിലും 40% തുകയിൽ അധികരിക്കാൻ പാടുള്ളതല്ല. |
| ഡി. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തിന് ആസ്തി ഉണ്ടാക്കിയെടുക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ദ്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനോടൊപ്പം ആസ്തികൾ സൃഷ്ടിക്കുന്നതും പ്രധാനപ്പെട്ട ലക്ഷ്യമാണ്. ഇതിനുവേണ്ടി സാധന സാമഗ്രികൾ വാങ്ങി, സംഭരിച്ചു ഉപയോഗിക്കുന്നതിന് വേണ്ടിയുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ.**